www.gospelinmalayalam.com

# CHAPTER - 3

### Exhortations for future growth

3:1-2 വി.പൗലൂസും കൂട്ടു സഹോദരങ്ങളും തെസ്സലോനിക്യൻ സഭയുടെ പ്രാർത്ഥന ആവശ്യപ്പെടുന്നു.

3:1 തെസ്സലോനിക്യയിലെ സഭ സ്വയം പ്രാർത്ഥന ആവശ്യമുളളവരത്രെ. വലിയ പരീക്ഷണങ്ങൾ അവരുടെ മുമ്പിലുണ്ട്. ശത്രുക്കൾ ഉണ്ട്, പീഢനം ഉണ്ട്. മറ്റുളളവർ അവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് അവർ ആഗ്രഹിക്കുന്നു.

ഇവിടെ വി.പൗലൂസ് അവരോടും ആവശ്യപ്പെടുന്നു. Please Pray for us.

മറ്റുളളവർക്കുവേണ്ടി പ്രാർത്ഥിപ്പാനുളള burden നമുക്കുണ്ടാകുമ്പോൾ, നമ്മുടെ സ്വന്തം ചുമടുകൾ തന്നെ ഭാരം കുറഞ്ഞതായി തോന്നും.

When we pray for others , it lighten our own load.

തന്നെയുമല്ല, വി.പൗലൂസിനും പ്രാർത്ഥന ആവശ്യം. മറ്റുളളവരുടെ പ്രാർത്ഥന സുവിശേഷത്തിന്റെ വ്യാപനത്തിന് ആവശ്യം. സുവിശേഷം ദൈവത്തിനു വേണ്ടി നാം ചെയ്യുന്ന വേലയത്രെ. അത് വിജയകരമാകണമെങ്കിൽ സുവിശേഷം കേൾക്കാൻ പോകുന്നവരുടെ ഹൃദയങ്ങളെ അതിനായി ഒരുക്കേണം. അതിനുവേണ്ടി സഭ മുട്ടിപ്പായി പ്രാർത്ഥിക്കണം. ദൈവം ഹൃദയങ്ങളെ ഒരുക്കേണ്ടതിന് പ്രാർത്ഥിക്കണം.

3:2 രണ്ടാമതായി Deliverence from enemies. ശത്രുക്കളിൽ നിന്ന് രക്ഷിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കണമെന്ന് St.Paul അപേക്ഷിക്കുന്നു. സുവിശേഷം വ്യാപിക്കാതിരിക്കേണ്ടതിന് ശത്രു അഹോരാത്രം ശ്രമിക്കുന്നു.

They resist the free gift of God. They were distructive of the spiritual welfare of others.

[Acts 17:5-9 തെസ്സലോനിക്യയിൽ സംഭവിച്ചത്]

Acts 17:5-9 *യെഹൂദന്മാരോ അസൂയപൂണ്ടു, മിനക്കെട്ടുനടക്കുന്ന ചില ദുഷ്ടന്മാരെ ചേർത്തു പുരുഷാരത്തെ ഇളക്കി പട്ടണത്തിൽ കലഹം ഉണ്ടാക്കി യാസോന്റെ വീടു വളഞ്ഞു അവരെ ജനസമൂഹത്തിൽ കൊണ്ടുവരുവാൻ ശ്രമിച്ചു. അവരെ കാണാഞ്ഞിട്ടു യാസോനെയും ചില സഹോദരന്മാരെയും നഗരാധിപന്മാരുടെ അടുക്കലേക്കു ഇഴെച്ചുകൊണ്ടു: ഭൂലോകത്തെ കലഹിപ്പിച്ചവർ ഇവിടെയും എത്തി; യാസോൻ അവരെ കൈക്കൊണ്ടും ഇരിക്കുന്നു; അവർ ഒക്കെയും യേശു എന്ന മറ്റൊരുവൻ രാജാവു എന്നു പറഞ്ഞുകൊണ്ടു കൈസരുടെ നിയമങ്ങൾക്കു പ്രതികൂലമായി പ്രവർത്തിക്കുന്നു എന്നു നിലവിളിച്ചു. ഇതു കേട്ടിട്ടു പുരുഷാരവും നഗരാധിപന്മാരും ഭ്രമിച്ചു യാസോൻ മുതലായവരോടു ജാമ്യം വാങ്ങി അവരെ വിട്ടയച്ചു.*

ദുഷ്ടന്മാരായ മനുഷ്യർ - സുവിശേഷത്തെ എതിർക്കുന്നവർ, ദൈവത്തിന്റെ സൗജന്യമായ ദാനത്തെ നിരസിക്കുന്നവർ, അതിന്റെ വ്യാപനത്തെ തടസ്സപ്പെടുത്തുന്നവർ.

fleettech@gmail.com

www.gospelinmalayalam.com

സുവിശേഷം മനുഷ്യരിൽ രണ്ടു തരം പ്രതികരണം ഉണ്ടാക്കുന്നു.

1. സുവിശേഷം സന്തോഷത്തോടെ കൈക്കൊള്ളുന്നവർ
2. സുവിശേഷം വിശ്വസിക്കാത്തവർ.

ലോകം തന്നെ ഈ രണ്ട് തട്ടിലത്രെ. Believers and Non believers.

(Best - either you are with us or you are against us)

<u>Confidence of the Apostles 3 : 3-5</u>

ഏതു സാഹചര്യമായാലും പതറാതെ ആത്മവിശ്വാസത്തിൽ ഉറച്ചു നിൽക്കുന്ന അനുഭവമത്രെ വി.പൗലൂസ് നൽകുന്നത്. ദൈവം സകലത്തിന്റെയും ഉടമയാകയാൽ അപ്പസ്തലന്മാർ ദൈവത്തിൽനിന്നും ആത്മവിശ്വാസം പ്രാപിക്കുന്നു.

3:3 ദൈവത്തിന്റെ വിശ്വസ്തത: ഒരിക്കലും മാറാത്ത ദൈവവാഗ്ദത്തങ്ങളിൽ St.Paul ഉറയ്ക്കുന്നു. He will provide strength to face any adversaries.

1Thes 3:2 *ഈ കഷ്ടങ്ങളിൽ ആരും കുലുങ്ങിപ്പോകാതിരിക്കേണ്ടതിന്നു നിങ്ങളെ സ്ഥിരപ്പെടുത്തുവാനും നിങ്ങളുടെ വിശ്വാസം സംബന്ധിച്ചു നിങ്ങളെ പ്രബോധിപ്പിപ്പാനുമായിട്ടു നമ്മുടെ സഹോദരനും ക്രിസ്തുവിന്റെ സുവിശേഷ ഘോഷണത്തിൽ ദൈവത്തിന്റെ ശുശ്രൂഷകനുമായ തിമൊഥെയൊസിനെ അയച്ചു.*

1Thes 3:13 *ഇങ്ങനെ നമ്മുടെ കർത്താവായ യേശു തന്റെ സകലവിശുദ്ധന്മാരുമായി വരുന്ന പ്രത്യക്ഷതയിൽ നമ്മുടെ ദൈവവും പിതാവുമായവന്റെ മുമ്പാകെ വിശുദ്ധീകരണത്തിൽ അനിന്ദ്യരായി വെളിപ്പെടുംവണ്ണം നിങ്ങളുടെ ഹൃദയങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്യുമാറാകട്ടെ.*

2Thes 2:17 *നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പിച്ചു എല്ലാ നല്ല പ്രവൃത്തിയിലും വാക്കിലും സ്ഥിരപ്പെടുത്തുമാറാകട്ടെ.*

Phil 1:6 *എന്റെ പ്രാർത്ഥനയിൽ നിന്നെ ഓർത്തു എപ്പോഴും എന്റെ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു.*

1Thes 5:24 *നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തൻ ആകുന്നു; അവൻ അതു നിവർത്തിക്കും.*

3:4 തെസ്സലോനിക്യൻ സഭ, പൗലൂസ് എഴുതിയ ഈ രണ്ട് ലേഖനങ്ങളിലും പ്രദിപാദിച്ചിരിക്കുന്നത് അനുസരിക്കുമെന്നുള്ള confidence St.Paul ന് ഉണ്ട്. കർത്താവ് അവരുടെ ഹൃദയങ്ങളെ അതിനായി ഉറപ്പിക്കുന്നു. സഭ കർത്താവിന്റേ താകയാൽ, കർത്താവിൽ വി.പൗലൂസ് ധൈര്യപ്പെടുന്നു.

3:5 "ദൈവത്തിന്റെ സ്നേഹം" അതിന്റെ മഹിമ, അതിന്റെ ആഴം ഒന്നു ധ്യാനിച്ചേ, അതിന്റെ മുമ്പിൽ എല്ലാ പ്രതികൂല സാഹചര്യവും നിസ്സാരമായി മാറും. ഇവിടെ St.Paul പ്രാർത്ഥിക്കുന്നത് ദൈവസ്നേഹത്തിലേക്ക് ക്രിസ്തുയേശു അവരുടെ ഹൃദയങ്ങളെ ഒന്ന് ഉണർത്തട്ടെ എന്നാണ്.

fleettech@gmail.com

www.gospelinmalayalam.com

അതുപോലെ തന്നെ ക്രിസ്തുവിന്റെ സഹിഷ്ണതയിലേക്ക് "To the perseverence Lord Jesus showed". കർത്താവിന്റെ example - മാതൃക കർത്താവ് വെച്ചേച്ച് പോയിരിക്കുന്നു.

1 Thes 1:3 *നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രത്യാശയുടെ സ്ഥിരതയും ഇടവിടാതെ നമ്മുടെ ദൈവവും പിതാവുമായവന്റെ സന്നിധിയിൽ ഓർത്തു*

2 Thes 1:4 *അതുകൊണ്ടു നിങ്ങൾ സഹിക്കുന്ന സകല ഉപദ്രവങ്ങളിലും കഷ്ടങ്ങളിലുമുള്ള നിങ്ങളുടെ സഹിഷ്ണതയും വിശ്വാസവും നിമിത്തം ഞങ്ങൾ ദൈവത്തിന്റെ സഭകളിൽ നിങ്ങളെച്ചൊല്ലി പ്രശംസിക്കുന്നു.*

Heb 12:1-2 *ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ടു സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു.*

1. ദൈവത്തിന്റെ സ്നേഹം (Love of God )
2. കർത്താവിന്റെ സഹിഷ്ണത (patience of Christ)

ഈ രണ്ട് വിഷയങ്ങൾ നമ്മുടെ കാഴ്ചപ്പാടിനെത്തന്നെ മാറ്റും.

Treatment of the Disorderly 3:6-10

“കർത്താവിന്റെ നാൾ അടുത്തു”എന്നുള്ള കാരണത്താൽ “നിഷ്ക്രിയ”രായി നിന്ന ഒരുകൂട്ടം ആളുകൾ തെസ്സലോനിക്യയിൽ ഉണ്ടായി. ഇതൊരു “doctorinal” error ആയിരുന്നു.

(2:2) കർത്താവിന്റെ നാൾ അടുത്തിരിക്കുന്നു എന്നുവെച്ചു നിങ്ങൾ വല്ല ആത്മാവിനോലോ വചനത്താലോ ഞങ്ങൾ എഴുതി എന്ന ഭാവത്തിലുള്ള ലേഖനത്താലോ സുബോധംവിട്ടു വേഗത്തിൽ ഇളകുകയും ഞെട്ടിപ്പോകയുമരുതു.

3:6

1Thes 5:14 *സഹോദരന്മാരേ, ഞങ്ങൾ നിങ്ങളെ പ്രബോധിപ്പിക്കുന്നതു: ക്രമം കെട്ടവരെ ബുദ്ധിയുപദേശിപ്പിൻ: ഉൾക്കരുത്തില്ലാത്തവരെ ധൈര്യപ്പെടുത്തുവിൻ; ബലഹീനരെ താങ്ങുവിൻ; എല്ലാവരോടും ദീർഘക്ഷമ കാണിപ്പിൻ.*

ക്രമം കെട്ടവരെ ബുദ്ധിയുപദേശിപ്പിൻ. ഒന്നാം ലേഖനത്തിൽ St. Paul കൊടുത്ത ഈ ഉപദേശം അനുസരിക്കാത്തവരുടെ മേൽ കുറെക്കൂടി Harsh ആയ Treatment ആണ് ഈ ലേഖനത്തിൽ. They have to be disciplined.

The orderly separating the "disorderly" (the Lazy)

(1Cor 5:11) സംസർഗ്ഗം അരുത്. Not takepart in Church meeting with him.

fleettech@gmail.com

www.gospelinmalayalam.com

Offense: Idleness, deliberate loafing, they expect others to provide for their needs.

1Cor 5:11 *എന്നാൽ സഹോദരൻ എന്നു പേർപെട്ട ഒരുവൻ ദുർന്നടപ്പുകാരനോ അത്യാഗ്രഹിയോ വിഗ്രഹാരാധിയോ വാവിഷ്ഠാണക്കാരനോ മദ്യപനോ പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ അവനോടു സംസർഗ്ഗം അരുതു; അങ്ങനെയുള്ളവനോടുകൂടെ ഭക്ഷണം കഴിക്കപോലും അരുതു എന്നത്രേ ഞാൻ നിങ്ങൾക്കു എഴുതിയതു.*

3:7 <u>Paul's Example</u>

Paul was never Lazy (1 Thes 2:5,6)

1 Thes 2:5,6 *നിങ്ങൾ അറിയുംപോലെ ഞങ്ങൾ ഒരിക്കലും മുഖസ്തുതിയോ ദ്രവ്യാഗ്രഹത്തിന്റെ ഉപായമോ പ്രയോഗിച്ചിട്ടില്ല; ദൈവം സാക്ഷി. ക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ എന്ന അവസ്ഥെക്കു ഘനത്തോടെയിരിപ്പാൻ കഴിവുണ്ടായിട്ടും ഞങ്ങൾ മനുഷ്യരോടു, നിങ്ങളോടാകട്ടെ മറ്റുള്ളവരോടാകട്ടെ മാനം അന്വേഷിച്ചില്ല;*

3:8 (1 Thes 2:9)

1 Thes 2:9 *സഹോദരന്മാരേ, ഞങ്ങളുടെ അദ്ധ്വാനവും പ്രയാസവും നിങ്ങൾ ഓർക്കുന്നുവല്ലോ; നിങ്ങളിൽ ആർക്കും ഭാരമായിത്തീരരുതു എന്നുവച്ചു ഞങ്ങൾ രാവും പകലും വേല ചെയ്തുകൊണ്ടു നിങ്ങളോടു ദൈവത്തിന്റെ സുവിശേഷം പ്രസംഗിച്ചു.*

3:9 വി. പൗലൂസ് ഒരു മാതൃക വച്ചേച്ചു പോകുകയാണ്. മറ്റുള്ളവർക്കൊരു മാതൃക. അവർക്കവകാശപ്പെട്ടതുപോലും ഉപയോഗിച്ചില്ല.

1Cor 9:3-14 *എന്നെ വിധിക്കുന്നവരോടു ഞാൻ പറയുന്ന പ്രതിവാദം ഇതാകുന്നു. തിന്നുവാനും കുടിപ്പാനും ഞങ്ങൾക്കു അധികാരമില്ലയോ? ശേഷം അപ്പൊസ്തലന്മാരും കർത്താവിന്റെ സഹോദരന്മാരും കേഫാവും ചെയ്യുന്നതുപോലെ ഭാര്യയായോരു സഹോദരിയുമായി സഞ്ചരിപ്പാൻ ഞങ്ങൾക്കു അധികാരമില്ലയൊ? അല്ല, വേല ചെയ്യാതിരിപ്പാൻ എനിക്കും ബർന്നബാസിന്നും മാത്രം അധികാരമില്ല എന്നുണ്ടോ? സ്വന്ത ചെലവിന്മേൽ യുദ്ധസേവ ചെയ്യുന്നവൻ ആർ? മുന്തിരിത്തോട്ടം ഉണ്ടാക്കി അതിന്റെ ഫലം തിന്നാതിരിക്കുന്നവൻ ആർ? ആട്ടിൻകൂട്ടത്തെ മേയിച്ചു കൂട്ടത്തിന്റെ പാൽകൊണ്ടു ഉപജീവിക്കാതിരിക്കുന്നവൻ ആർ? ഞാൻ ഇതു മനുഷ്യരുടെ മര്യാദപ്രകാരമോ പറയുന്നതു? ന്യായപ്രമാണവും ഇങ്ങനെ പറയുന്നില്ലയോ? "മെതിക്കുന്ന കാളെക്കു മുഖക്കൊട്ട കെട്ടരുതു" എന്നു മോശെയുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നുവല്ലോ; ദൈവം കാളെക്കു വേണ്ടിയോ ചിന്തിക്കുന്നതു? അല്ല, കേവലം നമുക്കു വേണ്ടി പറയുന്നതോ? അതേ, ഉഴുന്നവൻ ആശയോടെ ഉഴുകയും മെതിക്കുന്നവൻ പതം കിട്ടും എന്നുള്ള ആശയോടെ മെതിക്കയും വേണ്ടതാകയാൽ നമുക്കു വേണ്ടി എഴുതിയിരിക്കുന്നതത്രെ. ഞങ്ങൾ ആത്മീകമായതു നിങ്ങൾക്കു വിതെച്ചിട്ടു നിങ്ങളുടെ ഐഹികമായതു കൊയ്താൽ വലിയ കാര്യമോ? മറ്റുള്ളവർക്കു*

fleettech@gmail.com

www.gospelinmalayalam.com

*നിങ്ങളുടെമേൽ ഈ അധികാരം ഉണ്ടെങ്കിൽ ഞങ്ങൾക്കു എത്ര അധികം? എങ്കിലും ഞങ്ങൾ ഈ അധികാരം പ്രയോഗിച്ചിട്ടില്ല; ക്രിസ്തുവിന്റെ സുവിശേഷത്തിന്നു യാതൊരു വിഘ്നവും വരുത്താതിരിപ്പാൻ സകലവും പൊറുക്കുന്നു. ദൈവാലയകർമ്മങ്ങൾ നടത്തുന്നവർ ദൈവാലയം കൊണ്ടു ഉപജീവിക്കുന്നു എന്നും യാഗപീഠത്തിങ്കൽ ശുശ്രൂഷചെയ്യുന്നവർ യാഗപീഠത്തിലെ വഴിപാടുകളിൽ ഓഹരിക്കാർ ആകുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ? അതുപോലെ കർത്താവും സുവിശേഷം അറിയിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കേണം എന്നു കല്പിച്ചിരിക്കുന്നു.*

1Tim 5:18 *മെതിക്കുന്ന കാളെക്കു മുഖക്കൊട്ട കെട്ടരുതു എന്നു തിരുവെഴുത്തു പറയുന്നു; വേലക്കാരൻ തന്റെ കൂലിക്കു യോഗ്യൻ എന്നും ഉണ്ടല്ലോ.*

They chose to forgo this right. Paul wanted to teach the importance of self-sacrificing love & endurance (Gal6:6) They had the right.

Gal6:6 *വചനം പഠിക്കുന്നവൻ പഠിപ്പിക്കുന്നവന്നു എല്ലാനന്മയിലും ഓഹരി കൊടുക്കേണം.*

Christian must be self supporting.

3:10 Christian who are capable to work - need not be supported by others. We must be industrious and hard working.

<u>Commands for the Idle 3:11-13</u>

3:11,12 . Engage in regular employment to earn a living. കർത്താവിന്റെ നാൾ വന്നോട്ടെ. അതിനുവേണ്ടി വേലചെയ്യാതെ ഒന്നും കാത്തിരിക്കണ്ട.

1Thes 4:12 *ഞങ്ങൾ നിങ്ങളോടു ആജ്ഞാപിച്ചതുപോലെ അടങ്ങിപ്പാർപ്പാനും സ്വന്തകാര്യം നോക്കുവാനും സ്വന്തകൈകൊണ്ടു വേല ചെയ്‌വാനും അഭിമാനം തോന്നേണം എന്നും നിങ്ങളെ പ്രബോധിപ്പിക്കുന്നു.*

3:13 Do not get discouraged, just because some are disobedient. Never be tired of doing good.

**<u>Discipline of the Disobedient</u> 3:14-15**

3:14 രണ്ട് warnings ഒന്നാം ലേഖനത്തിൽ ഉണ്ടായിരുന്നു. (1Thes 4:12, 5:14) എന്നിട്ടും അനുസരിക്കാത്തവരെ വേറുതിരിക്കുക. (സംസർഗ്ഗം വിടുക). വ്യക്തിപരമായിട്ടുള്ള സംസർഗ്ഗം വിടൽ ആണ് ഉദ്ദേശിക്കുന്നത്. സഭയിൽ നിന്നും united ആയി പുറത്താക്കാനുള്ള ആഹ്വാനം അല്ല, repent ചെയ്യാനും, ജോലി ചെയ്യാനും പ്രേരിപ്പിക്കുകയാണ് ഈ അകൽച്ച മൂലം ഉദ്ദേശിക്കുന്നത്.

3:15 Not to treat him as enemy . He is still a brother. Those excercising the discipline must be careful and responsible. ഈ സംസർഗ്ഗം വിടൽ ഒരു warning മാത്രമാണ്.

**<u>Conclusion</u> 3:16-18**

This epistle closes with prayer, a final greeting and a benediction.

fleettech@gmail.com